പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 771

29/10/2019 ൽ മറുപടിക്ക്

## ദേവസ്വം ബോർഡുകൾക്ക് ധനസഹായം

ചോദ്യം

ശ്രീ.വി.എസ്.ശിവകുമാർ

മറുപടി

കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | തിരുവിതാംകൂർ, കൊച്ചിൻ, മലബാർ ദേവസ്വം ബോർഡുകൾക്ക് 2019-20 സാമ്പത്തിക വർഷത്തെ ബജറ്റിൽ എത്ര കോടി രൂപയുടെ ധനസഹായമാണ് പ്രഖ്യാപിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ; | (എ) | 2019-2020 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന് സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിന് 100 കോടി രൂപയുടെ ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ട്. ശബരിമലയിൽ തീർത്ഥാടകരുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള 739 കോടി രൂപയിൽ 200 കോടി രൂപ റോഡ് നിർമ്മാണ അറ്റകുറ്റ പ്രവർത്തികൾക്കും. കിഫ്ബി മുഖാന്തിരം നടപ്പാക്കുന്ന പമ്പ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, നിലക്കലെ വെഹിക്കിൾ പാർക്കിംഗ്, നിലയ്ക്കൽ, പമ്പ എന്നിവിടങ്ങളിലെ വിരിപന്തൽ, എരുമേലി, പമ്പ എന്നിവിടങ്ങളിലെ ഇടത്താവളം, റാന്നിയിലെ വാഹനപാർക്കിംഗ് തുടങ്ങിയ ഏഴ് പദ്ധതികൾക്ക് 141.75 കോടി രൂപയും പ്രഖ്യപിച്ചിട്ടുണ്ട്. ഇത് കൂടാതെ ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതിയ്ക്ക് 28 കോടി രൂപയും നീക്കി വെച്ചിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡിന് ആകെ 38.1 കോടി രൂപയും. കൊച്ചിൻ ദേവസ്വത്തിനും മലബാർ ദേവസ്വത്തിനും കൂടി 36 കോടി രൂപയും ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | അതിൽ എത്ര കോടി രൂപയാണ് നാളിതുവരെ കൈമാറിയിട്ടുള്ളതെന്ന് വിശദമാക്കുമോ; പ്രഖ്യാപിച്ച തുക കൈമാറിയിട്ടില്ലെങ്കിൽ കാരണങ്ങളെന്തെന്ന് വ്യക്തമാക്കുമോ; | (ബി) | തിരുവിതാംകൂർ ദേവസ്വം ബോർഡിന് 30 കോടി രൂപയും മലബാർ ദേവസ്വം ബോർഡിന് 16.1 കോടി രൂപയും നാളിതുവരെ അനുവദിച്ചിട്ടുണ്ട്. |
| (സി) | ദേവസ്വം ബോർഡുകൾ സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രഖ്യാപിച്ച തുക കൈമാറണമെന്നാവശ്യപ്പെട്ട് ദേവസ്വം ബോർഡുകൾ കത്ത് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കത്തുകൾ നൽകിയ തീയതി വിശദമാക്കുമോ? | (സി) | ഉണ്ട്, 05.05.2019-ലും 10.06.2019-ലും തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ